(എ) സംസ്ഥാനത്ത് ഏതൊക്കെ സ്ഥാപനങ്ങളുടെ വാഹനങ്ങളെയാണ് നികുതി അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) നികുതി ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങൾക്ക് ഓരോന്നിനും എത്ര വാഹനങ്ങൾ വീതമുണ്ടെന്നും അവ ഏതൊക്കെ ഇനങ്ങളിൽപ്പെട്ട വാഹനങ്ങൾ ആണെന്നും വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ വാഹനങ്ങളെ നികുതി അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും അവ ഏതൊക്കെ സ്ഥാപനങ്ങളുടെ വാഹനങ്ങളാണെന്നും വ്യക്തമാക്കുമോ;

(ഡി) നികുതി അടയ്ക്കുന്നതിൽ നിന്നും വാഹനങ്ങളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡം വെളിപ്പെടുത്തുമോ;

(ഇ) നികുതിയിൽനിന്നും വാഹനങ്ങളെ ഒഴിവാക്കിയതിൽ സർക്കാരിനുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യിൽ എം പാനൽ കണ്ടക്ടർമാരുടെ വേതനം

73 [4951] ശ്രീ. പി. ജെ. ജോയി:
„ ഡി. സുഗതൻ:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ എ. പി. അനിൽകുമാർ:
„ ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ എത്ര എം പാനൽ കണ്ടക്ടർമാർ ജോലി ചെയ്യുന്നുണ്ട്;

(ബി) ഇവർക്ക് ശരാശരി പ്രതിമാസം എത്ര ദിവസത്തെ ജോലി ലഭിക്കാറുണ്ട്;

(സി) ഇവർക്ക് നൽകുന്ന പ്രതിദിന വേതനമെത്ര;

(ഡി) ആയത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ 3304 എം പാനൽ കണ്ടക്ടർമാർ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർക്ക് പ്രതിമാസം ശരാശരി 15 ഡ്യൂട്ടി ലഭിക്കുന്നുണ്ട്.

(സി) ഇവർക്ക് ഒരു ഡ്യൂട്ടിക്ക് 100 രൂപ എന്ന ക്രമത്തിൽ വേതനം നൽകുന്നുണ്ട്.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

എറണാകുളം ജില്ലയിൽ കെ.എസ്.ആർ.ടി.സി.-യിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയുള്ള റിസർവ് കണ്ടക്ടർമാരുടെ നിയമനം

74 [T4952] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ കെ.എസ്.ആർ.ടി.സി.-യിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി റിസർവ് കണ്ടക്ടർ നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇതിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും പറയാമോ;

(സി) അപേക്ഷ ക്ഷണിച്ചപ്പോൾ വിജ്ഞാപനത്തിൽ വാഗ്ദാനം ചെയ്തിരുന്ന ശമ്പള സ്കെയിൽ എത്രയാണെന്ന് പറയാമോ;

(ഡി) ഇപ്പോൾ അവർക്ക് നൽകുന്ന ശമ്പളത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) സ്വന്തം ജില്ലയിൽ ഇവർക്ക് മാറ്റം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(എഫ്) സ്വന്തം ജില്ലയിൽനിന്നും മറ്റ് ജില്ലകളിൽ പോയി ജോലി ചെയ്യുന്ന പട്ടികജാതി/പട്ടികവർഗ്ഗക്കാരായ ജീവനക്കാരുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് പി.എസ്.സി. വിജ്ഞാപനത്തിൽ പറഞ്ഞിരുന്ന ശമ്പളം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലേയ്ക്കുമാത്രം ഇത്തരമൊരു ലിസ്റ്റ് നിലവിലില്ല. എന്നാൽ പി.എസ്.സി. അഡ്വൈസ് ലിസ്റ്റ് നമ്പർ ആർ.ഐ.ബി. 111 (2) 713/99/എസ്.ഡബ്ലിയു തീയതി 6-2-2003 പ്രകാരം 56 പേരുടെ ജനറൽ ലിസ്റ്റിൽ എറണാകുളം ജില്ലയിൽ നിന്നും 4 പേരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 4 പേർക്ക്. മൂവാറ്റുപുഴ-1, പെരുമ്പാവൂർ-2, കോതമംഗലം-1.

(സി) പ്രതിദിനം 86 രൂപ എന്നതാണ് വിജ്ഞാപനപ്രകാരം വാഗ്ദാനം ചെയ്ത ശമ്പളം.

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly